പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**<u>പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട രജീഷിന്റെ അപേക്ഷ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :28** **4/06/2018-ൽ മറുപടിക്ക്**

**<u>ചോദ്യം</u>**
**ശ്രീ.കെ. ബാബു**

പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് 2011-ൽ അഡ്വൈസ് മെമ്മോ ലഭിച്ച ശ്രീ. രജീഷ് S/o. ബാലൻ പള്ളത്താംപുള്ളി, തത്തമംഗലം, ചിറ്റൂർ, പാലക്കാട് എന്നയാൾക്ക് ബൈക്ക് അപകടത്തെ തുടർന്ന് മെഡിക്കൽ ടെസ്റ്റിന് ഹാജരാകാൻ കഴിയാത്തത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയ്ക്ക് 05.01.2017-ന് സമർപ്പിച്ചതും ആഭ്യന്തര വകുപ്പിൽ നിന്ന് 01.03.2017 ന് 16712/എ 1/17 ആഭ്യന്തരം എന്ന ഫയൽ നമ്പർ സഹിതം സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ടിനായി അയച്ചു കൊടുത്തിട്ടുള്ളതുമായ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ

**<u>മറുപടി</u>**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

പ്രസ്തുത അപേക്ഷയിന്മേലുള്ള റിപ്പോർട്ട് പോലീസ് മേധാവി ലഭ്യമാക്കിയിരുന്നു. എന്നാൽ ആയതിൽ ഇക്കാര്യത്തിലുള്ള അപേക്ഷകന്റെ അപേക്ഷയടക്കമുള്ള പ്രധാനപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്തിരുന്നില്ല. ആയവ ലഭ്യമാക്കി പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ അനന്തരനടപടികൾ അനുവർത്തിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ